


അമൃത വിശ്വ വിദ്യാപീഠം കൽപിത സർവകലാശാല നടത്തിയ ക്രിപ്റ്റോളജി ശിൽപശാലയിൽ ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ ഗ്രൂപ്പ് ഡയറക്ടർ ജി. ഗോവിന്ദരാജൻ പ്രസംഗിക്കുന്നു

# വാർത്താ സുരക്ഷയുടെ ആവശ്യകത വർധിച്ചു: ജി. ഗോവിന്ദരാജൻ

അമൃതപുരി: വാർത്താ വിനിമയ രംഗത്തെ കുതിച്ചുകയറ്റം ഇന്നു വാർത്താ സുരക്ഷയുടെ ആവശ്യകതയും വർധിപ്പിച്ചതായി ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ ഗ്രൂപ്പ് ഡയറക്ടർ ജി. ഗോവിന്ദരാജൻ അഭിപ്രായപ്പെട്ടു. അമൃത വിശ്വ വിദ്യാപീഠം കൽപിത സർവകലാശാല നടത്തിയ ക്രിപ്റ്റോളജി ശിൽപശാലയുടെ സമാപന യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു.

കംപ്യൂട്ടർ നെറ്റ്‌വർക്കിങ് വഴി കടന്നുപോകുന്ന ശബ്ദങ്ങളും മറ്റ് രേഖകളും സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു. ഇതിനായി ക്രിപ്റ്റോളജി സഹായിക്കും.

അമൃത വിശ്വ വിദ്യാപീഠം വൈസ് ചാൻസലർ ഡോ. പി. വെങ്കട്ട് രംഗൻ ആധ്യക്ഷ്യം വഹിച്ചു. ഡോ. ശങ്കരൻ, രേണു എന്നിവർ പ്രസംഗിച്ചു.

ഇറ്റാലിയൻ ശാസ്ത്രജ്ഞൻ ഡോ. ജോവൻ ഗോളിക്, ഡോ. ബിമൽ റോയ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.